**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 552** **05-10-2021 - ൽ മറുപടിയ്ക്ക്**

**വ്യവസായ സംരംഭങ്ങളിലൂടെ പുതിയ തൊഴിലവസരങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മാണി. സി. കാപ്പൻ | | **Shri. P. Rajeeve**<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് അഭ്യസ്തവിദ്യരും ആശയസമ്പന്നരുമായ യുവ തലമുറയ്ക്ക് വ്യവസായ സംരംഭങ്ങളിലൂടെ കൂടുതൽ തൊഴിലവസരങ്ങൾ ഒരുക്കുവാനും വ്യവസായ മേഖലയിൽ പുതിയ കാൽവയ്പ്പുകൾ നടത്തുവാനും വേണ്ടി സർക്കാർ സഹകരണ സംഘങ്ങൾ രൂപീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | കേരളത്തിൽ അസംഘടിത മേഖലയിൽ പണിയെടുക്കുന്ന യുവ തലമുറ ഉൾപ്പെടുന്ന വിദഗ്ധ തൊഴിലാളികൾക്ക് മെച്ചപ്പെട്ട തൊഴിലവസങ്ങൾ നേടിക്കൊടുക്കുക, അവിദഗ്ധ തൊഴിലാളികളെ നൈപുണ്യ വികസന പരിശീലനത്തിലൂടെ ബന്ധപ്പെട്ട മേഖലയിലെ വിദഗ്ധരാക്കിമാറ്റുക, തൊഴിലാളികൾക്ക് ആവശ്യമുള്ള തൊഴിലുപകരണങ്ങൾ ലഭ്യമാക്കുക, സമൂഹത്തിന് മികച്ച തൊഴിൽ സൗഹൃദാന്തരീക്ഷം ലഭ്യമാക്കുക എന്നീ ലക്ഷ്യങ്ങളോടെ സംസ്ഥാനത്തെ ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെയും ഭൗമാതിർത്തിക്കുള്ളിൽ ഒന്നോ അതിലധികമോ വ്യവസായ സഹകരണ സംഘങ്ങൾ രൂപീകരിക്കുന്നതിന് സർക്കാർ ലക്ഷ്യമിടുകയും സംഘങ്ങൾ രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | എങ്കിൽ ആയതിന്റെ നിജസ്ഥിതിയും വിശദാംശവും ലഭ്യമാക്കുമോ; | (ബി) | നാളിതുവരെ 705 സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്, 23,624 പേർ അംഗങ്ങളായി ചേർന്നിട്ടുണ്ട്. |
| (സി) | പ്രസ്തുത പദ്ധതി രൂപീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ടെങ്കിൽ പാലാ മണ്ഡലത്തിൽ സഹകരണസംഘങ്ങൾ അനുവദിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (സി) | ഉണ്ട്. പാലാ മണ്ഡലത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഭൂപരിധിയിലും സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് |
| (ഡി) | ടി സംഘങ്ങളുടെ ഉദ്യോഗസ്ഥ നിയമന വേതന വ്യവസ്ഥകൾ തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ? | (ഡി) | ടി സംഘങ്ങളുടെ ഉദ്യോഗസ്ഥ നിയമന വേതന വ്യവസ്ഥകൾ 1969 ലെ കേരള സഹകരണ നിയമങ്ങൾക്കും ചട്ടങ്ങൾക്കും വിധേയമായിരിക്കും. |

സെക്ഷൻ ഓഫീസർ